# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *346 — 26/06/2012 ൽ മറുപടിക്ക്

## ഫിലിം ഡയറക്ടറേറ്റ്

ചോദ്യം — ഉത്തരം

ശ്രീ ജോസഫ് വാഴക്കൻ
ശ്രീ ഡൊമിനിക് പ്രസന്റേഷൻ
ശ്രീ പി.എ. മാധവൻ
ശ്രീ സി.പി. മുഹമ്മദ്

ശ്രീ. കെ.ബി. ഗണേഷ് കുമാർ
(ബഹു. വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ചലച്ചിത്ര മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ; | (എ) | സംസ്ഥാന ചലച്ചിത്ര മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സിനിമാ നിർമ്മാതാക്കളേയും വിതരണ ഏജൻസികളെയും തിയേറ്റർ ഉടമകളെയും ഒരേ കുടക്കീഴിൽ കൊണ്ടു വരുവാനും ചർച്ചകളിലൂടെ സമവായമുണ്ടാക്കാനുമുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്. |
| (ബി) | ഇതിനായി ഒരു ഡയറക്ടറേറ്റ് രൂപവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (ബി) | ഇതിനായി ഒരു ഡയറക്ടറേറ്റ് രൂപവൽക്കരിക്കാൻ ഉദ്ദേശമുണ്ട്. സിനിമയുടെ നിർമ്മാണം മുതൽ പ്രദർശനം വരെയുള്ള പ്രവർത്തനങ്ങളെ സഹായിക്കുന്നതിനും സിനിമാ വ്യവസായത്തിന്റെയും പ്രേക്ഷകരുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും ഈ മേഖലയും സർക്കാരും തമ്മിൽ ഗുണപരമായ പാരസ്പര്യം വളർത്തുന്നതിനുമായാണ് ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) | എന്തെല്ലാം വിഷയങ്ങളാണ് ഡയറക്ടറേറ്റ് വഴി കൈകാര്യം ചെയ്യാനുദ്ദേശിക്കുന്നത് ; | (സി) | സിനിമാ വ്യവസായം അനുഭവിക്കുന്ന പ്രതിസന്ധികൾക്ക് പരിഹാരം കാണുക, വ്യാജ സി.ഡി.കൾ തടയുന്നതിനുള്ള നടപടികൾ പോലീസ് സഹായത്തോടെ നടപ്പിലാക്കുക, നല്ല സിനിമകൾ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുക, പകർപ്പവകാശം സംരക്ഷിക്കുക, പ്രദർശനങ്ങളിൽ പ്രേക്ഷകന്റെ അവകാശങ്ങൾ സംരക്ഷിക്കുക തുടങ്ങിയ കാര്യങ്ങളായിരിക്കും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ഡയറക്ടറേറ്റ് രൂപീകരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ? | (ഡി) | ഒരു സിനിമാനിയമം കൊണ്ടുവരിക, ഡയറക്ടറേറ്റ് രൂപീകരണത്തിനായി റീഡിപ്ലോയ്മെന്റ് വഴി തസ്തികകൾ സൃഷ്ടിക്കുക, ഡയറക്ടറേറ്റ് രൂപീകരണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റുക, സിനിമകളുടെ പോഷണത്തിനായി ഡയറക്ടറേറ്റിന്റെ സേവനങ്ങൾ ഉപയോഗിക്കുക തുടങ്ങിയ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ